പതിമൂന്നാം കേരള നിയമസഭ - ഒന്നാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ: 122 27/06/2011-ൽ മറുപടിയ്ക്ക്

## സംയുക്ത തീരദേശ പരിപാലന പദ്ധതി

ചോദ്യം

ശ്രീ. പി.എ. മാധവൻ

മറുപടി

ശ്രീ. ഉമ്മൻചാണ്ടി
(ബഹു. മുഖ്യമന്ത്രി)

| | |
|---|---|
| (എ) കേന്ദ്രസർക്കാർ നടപ്പിലാക്കുന്ന സംയുക്ത തീരദേശ പരിപാലന പദ്ധതിയിൽ കേരളത്തെ ഉൾപ്പെടുത്തിയിട്ടുണ്ടോ ; | കേന്ദ്ര സർക്കാർ നടപ്പിലാക്കുന്ന സംയുക്ത തീരദേശ പരിപാലന പദ്ധതിയിൽ കേരളത്തെ ഇപ്പോൾ ഉൾപ്പെടുത്തിയിട്ടില്ല. |
| (ബി) പ്രസ്തുത പദ്ധതിയിൽ ഉൾപ്പെടുത്തി എന്തെല്ലാം പദ്ധതികളാണ് വിഭാവനം ചെയ്യുന്നതെന്ന് അറിയിക്കുമോ ; | ബാധകമല്ല. |
| (സി) കേരളത്തിന്റെ തീരദേശ മേഖലകളിൽ കടലാക്രമണം തടയുന്നതിനും മത്സ്യത്തൊഴിലാളികളുടെ ക്ഷേമത്തിനുമായി എന്തെല്ലാം പദ്ധതികളാണ് വിഭാവനം ചെയ്യുന്നതെന്ന് വ്യക്തമാക്കുമോ ; | കേരളത്തിന്റെ തീരദേശ മേഖലകളിൽ കടലാക്രമണം തടയുന്നതിനായി കടൽഭിത്തി നിർമ്മാണവും പുലിമുട്ട് നിർമ്മാണവും ജലസേചനവകുപ്പ് നാളിതുവരെയായി നടപ്പിലാക്കി വരുന്നു. |
| (ഡി) പ്രസ്തുത പദ്ധതികൾക്കായി കേരളത്തിന് ലഭിക്കുന്ന കേന്ദ്ര സഹായം എത്രയെന്ന് അറിയിക്കുമോ ? | കടൽഭിത്തി നിർമ്മാണത്തിനും തകർന്ന കടൽ ഭിത്തിയുടെ പുനരുദ്ധാരണത്തിനുമായി 12-ാം ധനകാര്യ കമ്മീഷനിൽ 175 കോടി രൂപ ലഭിച്ചിട്ടുണ്ട്. 13-ാം ധനകാര്യ കമ്മീഷനിൽ കടൽ ഭിത്തി നിർമ്മാണത്തിനും തകർന്ന കടൽഭിത്തിയുടെ പുനരുദ്ധാരണത്തിനുമായി 100 കോടി രൂപ നീക്കിവച്ചിട്ടുണ്ട്. |

സെക്ഷൻ ഓഫീസർ